①

# "പ്രബുദ്ധ കേരളവും മാറുന്ന സ്ത്രീയും"

മാനുഷിക മൂല്യങ്ങളിൽ ഏറ്റവും മഹത്തരമായത് മാതൃത്വമാണ്. അതു പൂർണമായി പകരാൻ കഴിയുന്നത് അമ്മയ്ക്കു മാത്രവും. ഇക്കാരണത്താൽ ലോകം സ്ത്രീയോട് ഏറെ കടപ്പെട്ടിരിക്കുന്നു. സമയങ്ങളുടെ മൂല്യം വർധിക്കുന്ന ഇക്കാലത്ത്, "നാടോടുമ്പോൾ നടുവേയോടണം" എന്ന ചൊല്ല് സ്ത്രീകൾക്കും പൊതുവേ ബാധകമാണല്ലോ. പ്രബുദ്ധകേരളത്തിലെ മാറുന്ന സ്ത്രീയും സ്ത്രീവികസനവും ഏറെ വിശകലനം ചെയ്യേണ്ട വിഷയമാണ്

കാലഘട്ടങ്ങളുടെ ഒഴുക്ക് പരിശോധിച്ചാൽ മലയാളി സ്ത്രീകൾ ഏറെ പുറകിലാണെന്നു കാണാം. എങ്കിലും കേവലമൊരു ചെറിയ സമൂഹം ഇന്നും സ്ത്രീയുടെ വ്യക്തിത്വത്തിന് ഏറെ വിലകൽപിക്കുന്നുണ്ട്. വിദ്യാഭ്യാസ - സാംസ്കാരിക മൂല്യങ്ങളുടെ കുറവ് അനുഭവിക്കുന്ന അനേകം സ്ത്രീകളെ നമുക്കു കാണാൻ കഴിയും: സ്ത്രീയെ അമ്മയായും മകളായും സ-

ഭഗവതിയായും സ്വരൂപത്തായുമെല്ലാം കാണപ്പെടുന്ന കാലത്തിലും. സ്ത്രീവിദ്യാഭ്യാസത്തിന കൂടുതൽ മൂല്യങ്ങളും കണക്കാക്കുകയും സ്-ത്രീധനത്തിനെതിരെ ശബ്ദിക്കുകയും ചെയ്യുന്ന കേരളസമൂഹത്തിൽ സ്ത്രീ ഇന്നും മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു

കാലാതീതകാലം മുതൽക്കുള്ള ചരിത്രം പരിശോധിച്ചാൽ, സ്ത്രീ ഏറ്റവും 'ശ്രേഷ്ഠയായിരുന്നത്' ഋഗ്വേദകാലഘട്ടത്തിലാണെന്നു കാണാം. സ്ത്രീയ്ക്ക് ഏറെ മാന്യത നൽകുകയും അവരെ പൂജിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു ആ കാലഘട്ടത്തിലെ ജനത. ഇതിനുദാഹരണമാണ് ആ കാലത്ത് ഉപയോഗിച്ചിരുന്ന പദങ്ങളായ ഭവതി, സഖി, ദേവി, ശ്രീമതി മുതലായവ. ഇവയെല്ലാം സ്ത്രീയെ ബഹുമാനത്തോടെയും ഒപ്പം ബഹുമാനത്തോടു കൂടിയും അഭിസംബോധന ചെയ്യാൻ ഉപയോഗിച്ച പദങ്ങളായിരുന്നു. അക്കാലത്തെ സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തോടെ ഒരേപോലെ

വേണമെങ്കിലും പുറത്തിറങ്ങി നടക്കാമായിരുന്നു. ഇതിനെല്ലാം കാരണം അന്നത്തെ സമൂഹം സ്ത്രീയുടെ വ്യക്തിത്വത്തിനും കഴിവിനും ഏറെ വിലകല്പിച്ചിരുന്നു എന്നതാണ്. അത് ഈ വ്യത്യാസങ്ങളിലേക്കെത്തിയിരിക്കുന്നു. ഉണ്ട് അക്കാലത്ത് മരുമക്കത്തായം ഉണ്ടായിരുന്നു ഇല്ലെങ്കിൽ അവരെ പുറത്താക്കലും ഉണ്ടായിരുന്നു എന്നത് ഇതിനുദാഹരണമാണ്.

കാലം മാറിയതോടെ കേരള സ്ത്രീയും അടിച്ചമർത്തപ്പെട്ടു തുടങ്ങി. അവർക്ക് വിദ്യാഭ്യാസം നൽകാൻപോലും ആളുകൾ മടിച്ചു. സതി, ശൈശവവിവാഹം, ദേവദാസി... തുടങ്ങി അനേകം അനുഷ്ഠാനങ്ങൾ അവരുടെ ജീവിതത്തെ അസ്വസ്ഥമാക്കി. കല- സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിന്ന സ്ത്രീകൾ അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടേണ്ട അവസ്ഥ വന്നു. അടുക്കളയുടെ നാല് ചുവരുകളായിരുന്നു പിന്നീടവരുടെ ലോകം. സ്ത്രീയുടെ ഈ നരകയാതനകൾക്ക് അറുതി വരു

നാൾ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച കാലഘട്ടത്തിലാണ്. 'രാജാറാം മോഹൻറായ്' സ്വതി' നിർത്തലാക്കിയതും സ്ത്രീവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകിയതും ഏറെ ശ്രദ്ധേയമായി. കേരളത്തിൽ, ഈ സമയത്ത് 'അടുക്കളയിൽനിന്നും അരങ്ങത്തേക്ക്'- പോലുള്ള യാത്രകളും കൃതികളിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും സ്ത്രീയെ ഉന്നതിയിലെത്തിച്ചു. .

സാംസ്കാരിക കേരളത്തിലെ സ്ത്രീ ഇന്ന് ഉന്നതിയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സാക്ഷരതയുടെ കാര്യത്തിലും മലയാളി സ്ത്രീകൾക്കു തന്നെയാണ് ഒന്നാം റാങ്ക്. . സ്ത്രീവിദ്യാഭ്യാസത്തിലും അവരെ ഉയർന്ന നിലയിലെത്തിക്കാനും മലയാളികൾ ഏറെ ഉത്സാഹിതരാണ്. വിദ്യാഭ്യാസം കൊണ്ടും അറിവുകൊണ്ടും ഏറെ മുന്നിലാണ് ഇന്നത്തെ യുവതികൾ. ശാസ്ത്രത്തിന്റെ വളർച്ച - വികാസ

ങ്ങൾ സ്ത്രീ-പുരുഷസമത്വത്തിൽ വഹിച്ച പങ്ക് വളരെ വലുതാണ്. ~~ഗുണ~~മേന്മയുള്ള വിദ്യാഭ്യാസം അവർക്കുനൽകാനായതിൽ ഭരണകൂടം ഏറെ അഭിമാനിക്കുകയാണ്. എന്നിട്ടും സ്ത്രീയെ എന്നും ചിന്താകുലയാക്കുന്ന ചില പ്രശ്നങ്ങൾ കേരളത്തിലുണ്ട്:

1) സ്ത്രീധനം എന്ന മഹാവിപത്ത്
2) തുടർവിദ്യാഭ്യാസത്തെ സംബന്ധിച്ച ആശങ്കകൾ
3) വിവാഹശേഷം വീട്ടിൽ ഒതുങ്ങിക്കൂടുന്നു.
4) തൊഴിൽമേഖലകളിലെ വിവേചനം.
5) സമൂഹത്തിൽനിന്നുണ്ടാകുന്ന മാനസിക ശാരീരിക പീഡനങ്ങൾ
6) സമൂഹത്തിന്റെ അവബോധമില്ലായ്മ
7) മതങ്ങൾ: തുടങ്ങിയ കാര്യങ്ങൾ മലയാളി

ഇന്നും സമൂഹത്തെയും

സ്ത്രീകൾക്ക് വളരെ അപമാനമുണ്ടാക്കുന്നവയാണ്. ഇത് അവളുടെ മനസ്സിനെ അസ്വസ്ഥപ്പെടുത്തുന്നു. ഇപ്പോഴത്തെ സ്ത്രീ വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും ഉന്നതങ്ങൾ

നോക്കുമ്പോൾ മറുഭാഗത്ത് ഒരു വിഭാഗം ജനങ്ങൾ അവളെ സാമൂഹികമായി ഒറ്റപ്പെടുത്തുന്നു. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന ഇരുട്ടറയാണിത്.

സ്ത്രീസമൂഹത്തിന് ഒരു ശാപമാണ് 'സ്ത്രീധനം' ഉണ്ടാക്കുന്ന പ്രശ്നമായാണ്. അവരുടെ വ്യക്തിത്വത്തിനു വിലയിടുന്ന ഈ പ്രവണത ഇന്നും കേരളത്തിൽ നടക്കുന്നു. എന്നാൽ ഏറ്റവും ദു:ഖകരമായ കാര്യം വിദ്യ സമ്പന്നരായവർ കൂടെ ഉന്നതബിരുദധാരികളോടു കൂടിയാണ് ഇരുകൂട്ടങ്ങളും ഇത് ചെയ്യുന്നത് എന്നതാണ്; അത് കുറ്റകൃത്യമാണെന്ന റിഞ്ഞിട്ടും. സ്ത്രീധനം നിരോധിച്ചിട്ടുണ്ടെങ്കിലും വിവാഹസന്ദർഭങ്ങളിൽ പരിശോധന കർശനമാക്കുകയും സമൂഹത്തിൽ ബോധവത്കരണം നടത്തുകയുമാണ് നാം ചെയ്യേണ്ടത്.

വിദ്യാഭ്യാസകാര്യങ്ങളിലൂടെ ചെറുപ്രായം അറി ഭാരത സ്ത്രീകളുടെ ഒരെ കുഴയ്ക്കുന്ന പ്രശ്നമാണ്

മനുഷ്യരാകണം; മനുഷ്യജോലി ചെയ്യണം,
ആ ജോലി സ്ത്രീകൾക്ക് ചേരുമോ മുതലാ
യ കാര്യങ്ങളെല്ലാം മറ്റു ചിന്തകൾക്ക് വഴി
യൊരുക്കുന്നവയാണ്. ചെറുപ്പം മുതലേ മന
സ്സിൽ മോഹങ്ങളും സ്വപ്നങ്ങളും അതിനൊത്തുയ
രാനുള്ള ലക്ഷ്യബോധവും ഉണ്ടായിരിക്കണം
ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ വാക്കു
കൾപോലെതന്നെ "ഉറങ്ങുമ്പോൾ കാണു
ന്നതല്ല, നിങ്ങളെ ഉറങ്ങാനനുവദിക്കാത്ത
താകണം സ്വപ്നങ്ങൾ'. ഒരോ മലയാളി
സ്ത്രീയുടെയുംടെയും സ്വപ്നങ്ങൾ ഇതുപോലെയായി
രിക്കണം.

സമൂഹത്തിൽ സ്ത്രീ നിറഞ്ഞുനിൽക്കുകയാ
ണെങ്കിലും സമൂഹം അവളെ ദുർബലയാക്കിക്കൊ
ണ്ടിരിക്കുകയാണ്. തൊഴിലിടങ്ങളിൽ കേൾ
നങ്ങളിലുള്ള വിവേചനവും പുറത്തുനിന്നുള്ള
തുറിച്ചുനോട്ടങ്ങളും അവളെ മാനസികമായി
ദുർബലയാക്കുന്നു. തുല്യജോലിയ്ക്കു തു
ല്യവേതനത്തിലും കേരളത്തിലിന്നും

പുരുഷനും വ്യത്യസ്ത ലോകം. നൽകുന്നു
കൂടാതെ അവളെ 'വെറും ഉപഭോഗ വ
സ്തുവായി' മാത്രം കാണുന്ന സമൂഹമാക
അവളെ അധഃപതിപ്പിച്ചിരിക്കുന്നു. ലോകമ
നസ്സാക്ഷിയെ ഞെട്ടിച്ച നിർഭയ സംഭവം ഇ
ന്നും അവളെ ചർച്ചചെയ്യപ്പെടുന്നു. അതിലും ദുഃ
ഖകരമായ കാര്യം, ദൈവത്തിന്റെ സ്വന്തം
നാടായ കേരളത്തിൽപോലും ഇത്തരം ക്രൂര
കൃത്യങ്ങൾ ചെയ്യുന്ന നീചന്മാർ ഉണ്ടാ
യിരിക്കുന്നു എന്നതാണ്. ജിഷ, സൗമ്യ
എന്നിങ്ങനെ എത്ര യുവതികളുടെ ജീവനാ
ണ് ഇത്രയും വിലയില്ലാത്തതായി തീരുന്നത്.

ആശേപാലും സ്ത്രീയുടെ മാനത്തിന്
വിലയിടാത്ത തരത്തിലുള്ള നിയമങ്ങളാണ്
നമുക്കാവശ്യം.

മതങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തിനെതിരാവി
ക്കുന്ന ഈ പ്രശ്നങ്ങൾ ഇന്ന് അവളെ ച
ർച്ചകൾക്കു വിധേയമാകുകയാണ്. "മുത്തലാ
ഖ്" പോലുള്ള സ്ത്രീവിരുദ്ധനിയമങ്ങൾ
ഇല്ലാതാക്കപ്പെടേണ്ടതുതന്നെയാണ്. അതു

ഐക്യ രാഷ്ട്രത്തിന്റെ ആഭിമുഖ്യത്തിലും രാജ്യത്ത് നടത്തിയ സർവ്വേയിൽ $93\%$ - ത്തോളം സ്ത്രീകൾ ഗാർഹികപീഡനത്തിനിരയായിരുന്നു. കൂടാതെ ശാരീരികസ്ത്രീപീഡനം, മറ്റു സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ എന്നിവയും ഒക്കെ ഇന്ന് ഒരുപാട് ചർച്ചചെയ്യപ്പെടുകയാണ്.

സ്ത്രീയുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവർക്ക് പൂർണ്ണമായ സ്വാതന്ത്ര്യം നൽകുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ, ഇവ നൽകുമ്പോൾ തന്നെ അത് കേരളത്തിൽ നിലനിന്നുവരുന്ന തനതായ സംസ്കാരങ്ങൾക്കും എതിരാകരുത്. "അവകാശങ്ങളിൽ നിന്നുകൊണ്ട് സ്ത്രീയുടെ വികാസം എങ്ങനെ സാധ്യമാക്കാമെന്നാണ് നാം ചിന്തിക്കേണ്ടത്. ചിന്തയോടൊപ്പം തന്നെ അവ നടപ്പിലാക്കുകയും വേണം. സമൂഹത്തിൽ അവകാശങ്ങളെക്കുറിച്ചുള്ള മതിയായ അവബോധം വർദ്ധിക്കണമെങ്കിൽ, വിദ്യാഭ്യാസം സമൂഹത്തിനു നൽകേണ്ടതാണ്. മാതാപിതാക്കൾ അവ

ശാസിക്കുന്നതുപോലെ തുല്യതയും സ്വാതന്ത്ര്യവുമാണ് സ്ത്രീവികസനത്തിലും നാം കാണേണ്ടത്.

ശാസ്ത്ര- സാങ്കേതിക വിദ്യയിൽ ഭാവിയിലുണ്ടാകുന്ന സ്ത്രീമുന്നേറ്റത്തിന്റെ തെളിവാണ്, 2024-ൽ നാം വീക്ഷിക്കുന്ന ഉപഗ്രഹത്തിൽ, ഒരു മലയാളി സ്ത്രീയും ഉണ്ടാകും എന്നത്. "ജനനി ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസി' - എന്നപോലെ നമുക്കും ജനിച്ച നാടും ജന്മം നൽകിയ മാതാവും സ്വർഗത്തിനേക്കാൾ മഹത്തരമായിരിക്കട്ടെ. അങ്ങനെ ഭാവികേരളത്തിൽ പോയ്മറഞ്ഞ ഐശ്വര്യ കാലവും നമുക്ക് പുനർസൃഷ്ടിക്കാം ; സ്ത്രീകളുടെ പൂർണമായ വികാസത്തിലൂടെ.